**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 മെയ് 04 ശനി**

---

# റോഡ് ശുചീകരണ യജ്ഞം വിജയിപ്പിക്കും

ആലപ്പുഴ: മെയ് 11, 12 തീയതികളിലായി സംസ്ഥാനമൊട്ടാകെ നടത്തുന്ന റോഡ് ശുചീകരണത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ റോഡ് ശുചീകരണ യജ്ഞം വിജയിപ്പിക്കുവാൻ സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ഡോ.ടി.എം തോമസ് ഐസക്കിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം തീരുമാനിച്ചു. ശുചീകരണ യജ്ഞത്തിനായുള്ള കർമ്മ പദ്ധതി തയ്യാറാക്കാൻ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റികളും, നഗരസഭ കൗൺസിലുകളും വിളിച്ചു കൂട്ടും. യോഗത്തിൽ എം.എൽ.എ മാരായ എ.എം ആരിഫ്, ആർ. രാജേഷ്, യു.പ്രതിഭ, ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ, എ.ഡി.എം. ഐ .അബ്ദുൽ സലാം, ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ ബിൻ സ് സി തോമസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, നഗരസഭ അധ്യക്ഷൻമാർ, ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ഉദ്യോഗസ്ഥൻമാർ തുടങ്ങിയവർ പങ്കെടുത്തു